LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ ആശുപത്രികളിലെ ഒഴിവുകൾ

56 (763) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) പാലക്കാട് മെഡിക്കൽ കോളേജിനായി പുതിയതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 381 ഒഴിവുകൾ. ഒഴിവുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള തസ്തികയിലേക്ക് അഡ്ഹോക്ക്/എൻ.ആർ.എച്ച്.എം. വഴി നിയമനം നടത്തി ഒഴിവുകൾ നികത്തിയിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവിൽ സർജൻ, കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് എന്നീ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയിൽ പ്ലേസ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം 103 ക്ലിനിക്കൽ സ്റ്റാഫിനെയും 53 നോൺ ടീച്ചിങ്ങ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ബാധിതർ

57 (764) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;